LIBRARY ARCHIVES Kerala Legislative Assembly

ക്ലീൻ മൈ സ്ട്രീറ്റ് പദ്ധതി

60 (5407) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരശുചീകരണത്തിനായി ക്ലീൻ മൈ സ്ട്രീറ്റ് (Clean my Street) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർഡുതലത്തിൽ ശുചീകരണത്തിന് ആളുകളില്ലെന്ന കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി അധികൃതരുടെ ആവശ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെയും മുനിസിപ്പൽ ദിനാഘോഷത്തിന്റെയും ഭാഗമായി ഈ പദ്ധതി നടപ്പിലാക്കുന്നത്. ശുചീകരണ പ്രവൃത്തികൾക്ക് മുനിസിപ്പൽ വാർഡുകളിൽ ഒരാളെ വീതവും കോർപ്പറേഷൻ വാർഡുകളിൽ മൂന്നുപേരെ വീതവും പ്രതിദിനം 300 രൂപ വീതം നൽകി നിയമിച്ചുകൊണ്ട് ഇവരെ ഉപയോഗപ്പെടുത്തി ഓടകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളും ഖരമാലിന്യങ്ങളും നീക്കം ചെയ്യുക, നഗരങ്ങളിലെ അനധികൃത ബോർഡുകളും ഫ്ലക്സുകളും വൈദ്യുതി കാലുകളിലെ അനധികൃത പോസ്റ്ററുകളും മറ്റും നീക്കം ചെയ്യുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടത്തിപ്പിന് ആവശ്യമായി വരുന്ന ഇക അയൽക്കാളി പദ്ധതിക്കായി അനുവദിച്ച ഇകയിൽനിന്ന് ചിലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എല്ലാ നഗരസഭകളിലെയും വാർഡുകളിൽ ശുചീകരണ യജ്ഞം 27-7-2015 മുതൽ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.